Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

661/D/2018/KSHO 01.10.2018

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഗ്രാഹകൻ

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
കുടുംബശ്രീ.

സർ,

വിഷയം: കുടുംബശ്രീ - മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - Good Governance – Citizen Information Board സ്ഥാപിക്കുന്നതിനുവേണ്ടി മെറ്റീരിയൽസ് വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന: 12.09.2018-ലെ 2679/ഇജിഎസ്സി/17/ആർ.ഇ.ജിഎസ്. നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിലെ സദ്ഭരണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച് ഉത്തരവുണ്ടായിട്ടുണ്ട്.

എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിനും കാലതാമസം നേരിടുന്നു.

ഈ സാഹചര്യത്തിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രഹികൾ വിതരണം ചെയ്യുന്നതിനും, ബോർഡുകൾ നിർമ്മിച്ച് നൽകുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ കുടുംബശ്രീ സംവിധാനത്തെ ചുമതലപ്പെടുത്തുവാൻ സംസ്ഥാന മിഷൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലയിലെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുമായി ചർച്ച നടത്തുകയും ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(1) ഓരോ ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നിർമ്മാണ സാമഗ്ര ഉല്പാദനത്തിനായി രൂപീകരിച്ച കുടുംബശ്രീ സംരംഭ ഗ്രൂപ്പിനെ തൊഴിലുറപ്പ് പദ്ധതിക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല നൽകുക.

(2) തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകുക.

(3) പ്രസ്തുത ഗ്രൂപ്പുകൾക്ക് ആവശ്യമായ മൂലധനം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകുക.

(4) സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും, തൊഴിലുറപ്പ് പദ്ധതിയുടെ എംബ്ലം ടൈലുകളിൽ പതിച്ച്, ടൈൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ ഒട്ടിച്ച് വയ്ക്കേണ്ടതുമാണ്. ഇതിനുള്ള പരിജ്ഞാനം പ്രസ്തുത ഗ്രൂപ്പുകൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനുള്ള പരമാവധി ചിലവ് 5000 രൂപയാണ്. നിലവിലുള്ള വാങ്ങൽ ചട്ടങ്ങൽ പ്രകാരം 5000 രൂപവരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ / ടെണ്ടർ നടപടിക്രമങ്ങൾ ആവശ്യമില്ല. ആയതിനാൽ സിറ്റി സൺ ഇൻഫർമേഷൻ ബോർഡ് കുടുംബശ്രീ യൂണിറ്റിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് നിയമതടസ്സം ഉണ്ടാവുകയില്ല. ഇങ്ങനെ ഓരോ ഗ്രാമ പഞ്ചായത്തിലും കുറഞ്ഞത് 100 തൊഴിലുറപ്പ് പദ്ധതികൾ എങ്കിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന്റെ ചുമതല ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തിലെ സന്നദ്ധമായ ഒരു ഗ്രൂപ്പിനെ ഏൽപ്പിക്കുനനത് വഴി, ഒരു വർഷം, 5 ലക്ഷം രൂപയുടെ വിറ്റ്-വരവ് ലഭിക്കുകയും, ആയത് ഇവരുടെ ഉപജീവനത്തിന് സഹായകമായി തീരുകയും ചെയ്യും.

ആയതിനാൽ അതത് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (എം.ഇ)**